Reg. No. : ..............................

Name : ..................................

**SY 638**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## SOCIOLOGY

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read the instructions carefully.*
- *Malayalam version of the questions is also provided.*
- *Calculations, figures and graphs should be shown in the answer sheet itself.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കുക.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.

Score

I. **1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(9×1=9)**

1) 'പ്രബലജാതി' എന്ന ആശയം അവതരിപ്പിച്ച സമൂഹശാസ്ത്രജ്ഞന്റെ പേര് എഴുതുക.

2) താഴെപ്പറയുന്നവയിൽ ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യത്തിന്റെ ഉദാഹരണ മേതാണ് ?

a) വിവിധ സംസ്ഥാനങ്ങളിൽ സംസാരിക്കുന്ന വ്യത്യസ്ത ഭാഷകൾ

b) എല്ലാവരും പിന്തുടരുന്ന ഏകീകൃത മതം

c) പ്രദേശങ്ങളിലുടനീളമുള്ള സമാനമായ ഭക്ഷണ ശീലങ്ങൾ

d) എല്ലാവർക്കും ഒരേ രീതിയിലുള്ള വസ്ത്രധാരണരീതി

3) വ്യക്തികൾക്ക് സാധനങ്ങൾ വാങ്ങാനും വിൽക്കാനും കഴിയുന്ന ഡിജിറ്റൽ പ്ലാറ്റ് ഫോം ________ എന്നറിയപ്പെടുന്നു.

4) താഴെ തന്നിരിക്കുന്നവയിൽ ബ്രിട്ടീഷ് പ്രെസിഡെൻസി അല്ലാതിരുന്നത് ഏതാണ് ?

a) ബോംബെ

b) മദ്രാസ്

c) ഡൽഹി

d) കൽക്കട്ട

5) പുറമെ നിന്ന് നമ്മെ എങ്ങനെ വീക്ഷിക്കണമെന്ന് സമൂഹശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. ഇത് ________ എന്ന് അറിയപ്പെടുന്നു.

6) ശാസ്ത്രീയ മാനേജ്മെന്റ് അവതരിപ്പിച്ചത് ________ ആണ്.

a) ആദം സ്മിത്ത്

b) ഫ്രെഡറിക് വിൻസ്‌ലോ ടെയ്‌ലർ

c) കാൾ മാർക്സ്

d) മാക്സ് വെബർ

Score

7) മതപരമായ സ്വത്വത്തെ അടിസ്ഥാനമാക്കിയുള്ള ആക്രമണോത്സുകമായ സങ്കുചിതത്വത്തെ _________ എന്ന് വിളിക്കുന്നു.

8) താഴെ തന്നിരിക്കുന്നവയിൽ ശിശു ലിംഗാനുപാതം ഏറ്റവും കുറഞ്ഞ സംസ്ഥാനം ഏത് ?

a) പഞ്ചാബ്

b) ഹരിയാന

c) ഉത്തരാഖണ്ഡ്

d) ഹിമാചൽ പ്രദേശ്

9) കാർഷിക പ്രസ്ഥാനത്തിന് ഉദാഹരണമാണ്

a) ജാർഖണ്ഡ് പ്രസ്ഥാനം

b) കല്ലുമാല പ്രക്ഷോഭം

c) തേഭാഗ പ്രസ്ഥാനം

d) മഹർ പ്രസ്ഥാനം

10) ഗോത്ര വിഭാഗമായ ഖാസികളുടെ പരമ്പരാഗത രാഷ്ട്രീയ സംവിധാനം _________ എന്നറിയപ്പെടുന്നു.

**II. 11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(5×2=10)**

11) ഗ്ലോക്കലൈസേഷനെക്കുറിച്ചു ഒരു ലഘു വിവരണം എഴുതുക.

12) താഴെ തന്നിരിക്കുന്നവയെ സാമൂഹ്യമാറ്റത്തിന്റെയും സാമൂഹിക പ്രസ്ഥാനത്തിന്റെയും അടിസ്ഥാനത്തിൽ തരം തിരിക്കുക.

ബ്രഹ്മസമാജം, സംസ്കൃതവൽക്കരണം, വിവരാവകാശ ക്യാമ്പെയിൻ, പാശ്ചാത്യ വൽക്കരണം

| സാമൂഹ്യമാറ്റം | സാമൂഹ്യ പ്രസ്ഥാനം |
|---|---|
| | |

Score

13) ഗാർഹികാടിസ്ഥാനത്തിലുള്ള തൊഴിൽ ഉദാഹരണ സഹിതം വിവരിക്കുക.

14) പദവി ചിഹ്നം എന്ന ആശയം അവതരിപ്പിച്ചത് ആരാണ് ? പദവി ചിഹ്നം നിർവ്വചിക്കുക.

15) സമൂഹത്തിൽ സാമൂഹ്യനീതിയുടെ പ്രാധാന്യം എഴുതുക.

**III. 16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.**
**(3×4=12)**

16) വസ്തുവൽക്കരണം ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുക.

17) താഴെ പറയുന്നവ വിവരിക്കുക.

a) ഭാരരഹിത സമ്പദ്‌വ്യവസ്ഥ

b) രാജ്യാന്തര കോർപ്പറേഷനുകൾ

18) സമൂഹശാസ്ത്ര സങ്കല്പം വിവരിക്കുക. സമൂഹശാസ്ത്ര സങ്കല്പത്തിന്റെ ഏതെങ്കിലും രണ്ടു മേന്മകൾ എഴുതുക.

19) സംഘടിതവും അസംഘടിതവുമായ തൊഴിൽ മേഖലകൾ തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

**IV. 20 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.**
**(3×5=15)**

20) വ്യവസായവൽക്കരണവും, അപവ്യവസായവൽക്കരണവും വേർതിരിച്ചെഴുതുക.

21) പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും സംഗ്രഹിക്കുക.

22) പൗര സമൂഹത്തിന്റെ പ്രാധാന്യം വിശദീകരിക്കുക. സമകാലിക സമൂഹത്തിൽ പൗരസമൂഹം ഇടപെടുന്ന നാല് വിഷയങ്ങൾ പട്ടികപ്പെടുത്തുക.

Score

23) ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| a) | മഹാത്മാ ഗാന്ധി | വിധവ പുനർവിവാഹം |
| b) | കാക്ക കാലേൽക്കർ | സതി |
| c) | എം. ജി. റാനഡെ | ഹരിജൻ |
| d) | താരാഭായ് ഷിൻഡെ | ആദ്യ പിന്നാക്ക വർഗ കമ്മീഷൻ |
| e) | രാജാ റാം മോഹൻറോയ് | സ്ത്രീ പുരുഷ തുലന |

**V. 24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.**
**(3×6=18)**

24) സംസ്കൃതവൽക്കരണവും അപസംസ്കൃതവൽക്കരണവും തമ്മിൽ വേർതിരിച്ചെഴുതുക. സംസ്കൃതവൽക്കരണത്തിനെതിരെയുള്ള ഏതെങ്കിലും രണ്ട് വിമർശനങ്ങൾ എഴുതുക.

25) ഇന്ത്യയിലെ മാധ്യമങ്ങളിൽ ആഗോളവൽക്കരണം ചെലുത്തിയ സ്വാധീനം വിവരിക്കുക.

26) അധികാരം, താമസം, പൈതൃകം എന്നിവയുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ വൈവിധ്യമാർന്ന രൂപങ്ങൾ വ്യക്തമാക്കുക.

27) സാമൂഹിക അസമത്വം, സാമൂഹിക ബഹിഷ്കരണം എന്നീ പദങ്ങൾ നിർവ്വചിക്കുക. സ്ത്രീകളുടെ സമത്വത്തിനും അവകാശത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ വിവരിക്കുക.

Score

VI. 28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം. (2×8=16)

28) a) ഇന്ത്യയിൽ ഹരിതവിപ്ലവത്തിലേക്ക് നയിച്ച കാർഷിക നവീകരണം വിവരിക്കുക. (4)

b) ഹരിതവിപ്ലവത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ വിശദീകരിക്കുക. (4)

29) a) വ്യത്യസ്ത തരത്തിലുള്ള സാമൂഹിക പ്രസ്ഥാനങ്ങളെ ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുക. (4)

b) പാരിസ്ഥിതിക സുസ്ഥിരതയിൽ ചിപ്കോ പ്രസ്ഥാനത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക. (4)

30) ജനസംഖ്യാ വളർച്ചയെക്കുറിച്ചുള്ള മാൽത്തൂഷ്യൻ സിദ്ധാന്തം വിശകലനം ചെയ്യുക. ഈ സിദ്ധാന്തത്തിനെതിരെയുള്ള വിമർശനങ്ങൾ എഴുതുക. (6+2)

---